# ഹാറൂൻ യഹ്‌യയുടെ സംഭാവന

**കവർസ്റ്റോറി ● എൻ.എ അദീബ്**



ഹാറൂൻ യഹ്‌യ

**ആയിരത്തിത്തൊള്ളായിരത്തി** എഴുപതുകളിലെയും എൺപതുകളിലെയും തുർക്കിയെ ശ്രദ്ധിക്കൂ. കടുത്ത മതേതര മൗലികവാദത്തിന്റെ കാർമേഘങ്ങൾ സാവധാനം ഒഴിഞ്ഞു മാറുന്നതായി കാണാം. തൊണ്ണൂറുകളുടെ അന്ത്യത്തിൽ തുർക്കി പുത്തൻ പ്രഭാതങ്ങൾക്ക് സാക്ഷിയായി. രാഷ്ട്രീയ മാറ്റം മാത്രമല്ല തുർക്കിയിലുണ്ടായത്. നിരീശ്വര ലോകവീക്ഷണത്തിൽ മുങ്ങിയ സമൂഹം സകലതുറകളിലും വീണ്ടെടുപ്പിന് തയാറായി. തുർക്കിയുടെ മാറ്റങ്ങൾക്ക് പിന്നിൽ ശ്രദ്ധേയ സംഭാവനയർപ്പിച്ച പ്രതിഭാശാലിയാണ് ഹാറൂൻ യഹ്‌യ എന്ന തൂലികാ നാമത്തിൽ അറിയപ്പെടുന്ന അദ്നാൻ ഒക്ടാർ. പരിണാമസിദ്ധാന്തത്തിന്റെ ആചാര്യനായി കണക്കാക്കപ്പെടുന്ന ചാൾസ് ഡാർവിന്റെ രണ്ടാം ജന്മശതാബ്ദി ആഘോഷിക്കപ്പെടുമ്പോൾ ഡാർവിനിസത്തിന് തുർക്കിയിൽ എന്തുസംഭവിച്ചുവെന്നത് പ്രസക്തമാണ്.

എല്ലാത്തരം ഭൗതികവാദ കാഴ്ചപ്പാടുകളുടെയും അടിത്തറ ഡാർവിനിസമാണ്. ലോകമെമ്പാടുമുള്ള മനുഷ്യരിൽനിന്നും ഏറ്റവും കൂടുതൽ ആളുകളെ നിരീശ്വരവാദികളാകാനും മതേതരവൽകൃതരാവാനും സഹായിച്ചതും ഡാർവിനിസമാണ്. ദൈവത്തിൽനിന്നും ധാർമികതയിൽനിന്നും മനുഷ്യനെ അകറ്റി പാശ്ചാത്യരുടെ വംശീയതക്കും കോർപ്പറേറ്റ് സംസ്കാരത്തിനും ഇതിന്റെ ഉപോൽപന്നങ്ങളായ ആധുനിക സാമൂഹിക വിപത്തുകൾക്കുമെല്ലാം വഴിമരുന്നിട്ടതും ഡാർവിനിസമായിരുന്നു.

മനുഷ്യൻ ദൈവത്തിന്റെ സവിശേഷ സൃഷ്ടിയാണെന്നു വന്നാൽ തന്നെ മനുഷ്യന് ഒട്ടേറെ പ്രത്യേകതകളും ലക്ഷ്യങ്ങളും മാർഗങ്ങളും ഉണ്ടെന്ന ബോധമുദിക്കും. എന്നാൽ ആൾക്കുരങ്ങ് ലക്ഷോപലക്ഷം വർഷങ്ങൾ മരങ്ങളിലും കാടുകളിലും കയറിയിറങ്ങി നടന്നപ്പോൾ യാദൃഛികതയാൽ മനുഷ്യനായി മാറിയതാണെന്നു വന്നാൽ പിന്നെ മനുഷ്യന് എല്ലാ വിശുദ്ധ സങ്കൽപങ്ങളും നഷ്ടപ്പെടും. അവൻ മറ്റൊരു ജന്തു മാത്രമാണെങ്കിൽ ധാർമികതക്കോ നീതിക്കോ ന്യായത്തിനോ ഒന്നും കാര്യമായ പ്രസക്തിയില്ലാതാവുന്നു. ഡാർവിനിസം ശരിയാണെങ്കിലും ഇതൊക്കെ പ്രസക്തമാണെന്ന് വിശ്വസിക്കുന്നവരും വാദിക്കുന്നവരും ഉണ്ടാകാം. എന്നാൽ ഡാർവിനിസം ഇവയെല്ലാം പാശ്ചാത്യ സമൂഹത്തിൽ നിന്നും തൂത്തുമാറ്റിയെന്ന ചരിത്രയാഥാർഥ്യം ഇവർക്കും നിഷേധിക്കാനാവില്ല. മനുഷ്യൻ മറ്റൊരു ജന്തുവാണെന്ന് പഠിക്കുന്ന വിദ്യാർഥിയുടെ മനസിൽ അതുണ്ടാക്കിയേക്കാവുന്ന സാംസ്കാരിക പ്രത്യാഘാതങ്ങൾ ചെറുതല്ല.

ഒന്നാമതായി, ഡാർവിനിസം പ്രകാരമാണ് ജീവജാലങ്ങൾ ഉരുത്തിരിഞ്ഞതെങ്കിൽ ദൈവത്തിനോ സ്വാഭാവികമായും മത തത്ത്വങ്ങൾക്കോ യാതൊരു പ്രസക്തിയുമില്ല. പരിണാമ ചിന്തയാണ് തന്റെ മനസിൽനിന്നും ദൈവത്തെയും മതത്തെയും നിഷ്കാസനം ചെയ്തതെന്ന് ഡാർവിൻ തന്നെ സമ്മതിച്ചുവെന്നത് ശ്രദ്ധേയമാണ്. പാശ്ചാത്യലോകത്തെ നിരവധി പ്രമുഖരുടെ ജീവിതം ഇതിനു സാക്ഷിയാണ്.

പാഠപുസ്തക പണ്ഡിതന്മാർക്കോ മാധ്യമബുദ്ധിജീവികൾക്കോ ഒരിക്കലും മനസ്സിലാക്കാനാകാത്ത ഇത്തരം നിരവധി പ്രശ്നങ്ങൾ വ്യക്തമായ തെളിവുകൾ നിരത്തി സമർഥിക്കാൻ ഹാറൂൻ യഹ്‌യക്ക് കഴിഞ്ഞിട്ടുണ്ട്. സർവോപരി ഡാർവിനിസത്തിന് കൊട്ടിഘോഷിക്കപ്പെടുന്ന യാതൊരു ശാസ്ത്രീയാടിത്തറയും യഥാർഥത്തിലില്ല എന്ന് അസംഖ്യം ശാസ്ത്രീയ കണ്ടെത്തലുകളുടെ പിൻബലത്തോടെ വ്യക്തമാക്കിക്കൊടുക്കാനും അദ്ദേഹത്തിന് സാധിച്ചു.

അമേരിക്കയിൽ സൃഷ്ടിവാദ പ്രസ്ഥാനങ്ങൾ ആരംഭിക്കുന്ന കാലയളവിൽ തുർക്കിയിലും സദൃശമായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടാകാം. എന്നാൽ ഹാറൂൻ യഹ്‌യയുടെ സയൻസ് റിസർച്ച് ഫൗണ്ടേഷന് പാശ്ചാത്യ ലോകത്തെ സൃഷ്ടിവാദ പ്രസ്ഥാനങ്ങളിൽനിന്നും വ്യതിരിക്തമായ ഒട്ടേറെ സവിശേഷതകളുണ്ട്. പാശ്ചാത്യലോകത്ത് നിരവധി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ തുർക്കിയിലും മുസ്‌ലിം ലോകത്ത് പൊതുവായും ഡാർവിനിസത്തെ കടപുഴക്കുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുള്ളത് ഒരൊറ്റ ഫൗണ്ടേഷനാണ്. ഇവരുടെ പുസ്തകങ്ങളും വീഡിയോകളും നിലവാരത്തിലും പൊതുജനസമ്മതിയിലും ശ്രദ്ധേയങ്ങളാണ്. ഒരു പക്ഷേ അമേരിക്കയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ക്രിയേഷൻ റിസർച്ചിനെക്കാളും വിഷ്വൽസ് പ്രയോജനപ്പെടുത്തുന്നതിൽ വിജയിച്ചിട്ടുള്ളത് തുർക്കിയിലെ സയൻസ് റിസർച്ച് ഫൗണ്ടേഷനാണ്. പാശ്ചാത്യലോകത്തെ ഇൻസ്റ്റിറ്റ്യൂട്ടുകൾ ഏറക്കുറെ വിൽപന കേന്ദ്രങ്ങളായി പ്രവർത്തിക്കുമ്പോൾ തുർക്കിയിൽനിന്നും ഈ വിഷയകമായ ഒട്ടേറെ വിഭവങ്ങൾ സൗജന്യമായി ലഭിക്കുന്നു. ഹാറൂൻ യഹ്‌യയുടെ ചെറുതും വലുതുമായ നാനൂറോളം ഗ്രന്ഥങ്ങളും വീഡിയോകളും സൗജന്യമായി വെബ്സൈറ്റിൽനിന്നും ആർക്കും ലഭിക്കും. പ്രധാനപ്പെട്ട മുപ്പതിലേറെ ഭാഷകളിലേക്ക് ഇവ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

www.harunyahya.org, www.harunyahya.com,
www.harunyahya.net